ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.06.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷയ്ക്ക് കേന്ദ്രസർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. അന്തരിച്ച കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് രാഷ്ട്രീയ കേരളത്തിൻറെ യാത്രാമൊഴി. സംസ്കാരം നാളെ തിരുവനന്തപുരം ശാന്തികവാടത്തിൽ.
3. അമീബിക്ക് മസ്തിഷ്ക ജ്വരത്തിനു കാരണമാകുന്ന അമീബകളെ കണ്ടെത്താനുള്ള സംസ്ഥാനത്തെ മോളിക്യുലാർ സങ്കേതം വിജയമെന്ന് മന്ത്രി വീണാ ജോർജ്.
4. റിപ്പോ നിരക്ക് വീണ്ടും കുറച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ 5.5 ശതമാനം ആയി. ഓഹരി വിപണികളിൽ മുന്നേറ്റം.
5. ത്യാഗസമർപ്പണത്തിൻറെയും സഹജീവി സ്നേഹത്തിൻറെയും ഓർമ്മപ്പെടുത്തലുമായി നാളെ ബലി പെരുന്നാൾ.

*********************************************************

### പ്രധാനമന്ത്രി കശ്മീർ (ഇൻട്രോ)

രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷയ്ക്ക് കേന്ദ്രസർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ പത്ത്

RNU TVPM

വർഷത്തിനിടെ, അതിർത്തി പ്രദേശങ്ങളുടെ വികസനവും സുരക്ഷയും മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു. ഇക്കാലയളവിൽ അതിർത്തി മേഖലകളിൽ 10,000 ബങ്കറുകൾ നിർമ്മിക്കപ്പെട്ടതായും ഓപ്പറേഷൻ സിന്ദൂറിനെ തുടർന്നുണ്ടായ അടിയന്തരഘട്ടങ്ങളിൽ ഈ ബങ്കറുകൾ പ്രയോജനപ്പെട്ടതായും ശ്രീ മോദി വ്യക്തമാക്കി. ജമ്മു കശ്മീരിലെ കത്രയിൽ 46,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ്)

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് പാലമായ ജമ്മു കശ്മീരിലെ ചിനാബ് പാലവും ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽ പാലമായ അഞ്ജി ഘട്ട് പാലവും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു. ശ്രീനഗറിൽ നിന്നും കത്രയിലേക്കുള്ള ആദ്യ വന്ദേ ഭാരത് സർവീസും ഇന്ന് ഫ്ളാഗ്ഓഫ് ചെയ്തു.

RNU TVPM

******************************

## തെന്നല ബാലകൃഷ്ണപിള്ള

അന്തരിച്ച കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് രാഷ്ട്രീയ കേരളത്തിന്റെ യാത്രാമൊഴി. ഭൗതികദേഹം നാളെ രാവിലെ 10.30ന് കെപിസിസി ആസ്ഥാനത്ത് പൊതുദർശനത്തിന് വെയ്ക്കും. സംസ്കാരം ശാന്തികവാടത്തിൽ. ഇന്ന് രാവിലെ തിരുവനന്തപുരത്തായിരുന്നു അന്ത്യം. 95 വയസ്സായിരുന്നു. മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ വീതം നിയമസഭാംഗം, കെപിസിസി അധ്യക്ഷൻ എന്നീ പദവികൾ വഹിച്ച തെന്നല ബാലകൃഷ്ണപിള്ള കൊല്ലം ശൂരനാട് സ്വദേശിയാണ്. കളങ്കമേൽക്കാത്ത രാഷ്ട്രീയ

ജിവിതത്തിനുടമയായ തെന്നല, ഗ്രൂപ്പുകൾക്കതീതനായ കോൺഗ്രസുകാരനായാണ് അറിയപ്പെട്ടിരുന്നത്.

*******************************

## അനുശോചനം

തെന്നല ബാലകൃഷ്ണപിള്ളയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം തുടങ്ങിയവർ അനുശോചിച്ചു. കേരളത്തിന്റെ സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ച സർവ്വാദരണീയനായ രാഷ്ട്രീയ നേതാവിനെയാണ് നഷ്ടമായതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്വതയാർന്ന പ്രവർത്തനത്തിലൂടെ നിരവധി നേതാക്കൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകിയ നേതാവായിരുന്നു തെന്നലയെന്ന് പ്രതിപക്ഷ നേതാവ് അനുസ്മരിച്ചു. ഓരോ പൊതുപ്രവർത്തകനും മാതൃകയാക്കാൻ കഴിയുന്ന വ്യക്തിത്വമാണ് വിട വാങ്ങിയതെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് പറഞ്ഞു. കോൺഗ്രസിന്റെ സൗമ്യമുഖവും നന്മയുമായിരുന്നു തെന്നലയെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. രാഷ്ട്രീയ പക്വതയുടെയും മൂല്യങ്ങളുടെയും അപൂർവ്വ മുഖമാണ് വിട വാങ്ങിയതെന്ന് ശ്രീ ബിനോയ് വിശ്വം പറഞ്ഞു.

RNU TVPM

*******************************

## വീണ ജോർജ് - അമീബിക് ജ്വരം

അമീബിക്ക് മസ്തിഷ്ക ജ്വരത്തിനു കാരണമാകുന്ന 5 തരം അമീബകളെ കണ്ടെത്താനുള്ള സംസ്ഥാനത്തെ മോളിക്യുലാർ സങ്കേതം വിജയം. ` മോളിക്യുലാർ ലാബിലൂടെ ആദ്യത്തെ

അമീബയുടെ രോഗസ്ഥിരീകരണം നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി വിഭാഗങ്ങളെ കൂടി രോഗനിർണയത്തിനായുള്ള വിദഗ്ധ കേന്ദ്രങ്ങളായി വികസിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.

******************************

## ഒരു തൈ നടാം കെ രാജൻ (ഇൻട്രോ)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന "ഒരു തൈ നടാം" ജനകീയ ക്യാപയിൻ തൃശൂർ ജില്ലാതല ഉദ്ഘാടനവും ലോഗോ പ്രകാശനവും മന്ത്രി കെ രാജൻ നിർവഹിച്ചു. 365 ദിവസവും പരിസ്ഥിതിയുടെ സംരക്ഷകരാകേണ്ട ചുമതല ഏറ്റെടുക്കണമെന്ന് മന്ത്രി പറഞ്ഞു. പച്ചത്തുരുത്ത് പദ്ധതിയുടെ വ്യാപനവും വംശനാശഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ സംരക്ഷണവും ലക്ഷ്യമിട്ട് സെപ്റ്റംബർ 30 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.......

(ഹോൾഡ് - വോയിസ്)

******************************

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര

സ്ഥാനാർത്ഥിയായി പി.വി അൻവറുമാണ് മത്സര രംഗത്തെ പ്രമുഖർ. വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

******************************

## ബ്ലോക്ക് പഞ്ചായത്ത് വിഭജനം

സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ വിഭജിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ പരാതികൾ അറിയിക്കാനുള്ള അവസാന തീയതി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ഈമാസം 10 ലേക്കു നീട്ടി. നേരിട്ടോ, രജിസ്റ്റേഡ് തപാലിലോ പരാതികൾ കമ്മിഷൻ സെക്രട്ടറിക്കോ ജില്ലാ കളക്ടർക്കോ നൽകാം. രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

RNU TVPM

******************************

## വി ശിവൻകു ട്ടി,

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടത്തിൽ മെറിറ്റ് ക്വാട്ടയിൽ 2,49,540 വിദ്യാർഥികൾക്ക് അലോട്ട്മെൻറ് നൽകിയെന്ന് മന്ത്രി വി ശിവൻകുട്ടി. അലോട്ട്മെൻറ് ലഭിച്ചിട്ടും 27,074 പേർ പ്രവേശനം നേടിയിട്ടില്ല. രണ്ടാം അലോട്ട്മെൻറ് ഈ മാസം 10 ന് പ്രസിദ്ധീകരിച്ച് 10,11 തീയതികളിൽ പ്രവേശനം നടത്തും. മൂന്നാം അലോട്ട്മെൻറ് 16 ന് പ്രസിദ്ധീകരിച്ച് 16, 17 തീയതികളിൽ പ്രവേശനം പൂർത്തിയാക്കി 18 ന് ക്ലാസുകൾ ആരംഭിക്കും.

******************************

## ബലിപെരുന്നാൾ

ത്യാഗസമർപ്പണത്തിൻറെയും സഹജീവികളോടുള്ള സ്നേഹത്തിൻറെയും ഓർമ്മപ്പെടുത്തലുമായി ഇസ്ലാം മതവിശ്വാസികൾ നാളെ ബലി പെരുന്നാൾ ആഘോഷിക്കും. ഹജ് കർമ്മത്തിൻറെ പരിസമാപ്തി കൂടിയാണ് ബലി പെരുന്നാൾ. സംസ്ഥാനത്തെ വിവിധ പള്ളികളിൽ പെരുന്നാൾ നമസ്കാര ചടങ്ങുകൾ നടക്കും. പെരുന്നാളിനോട് അനുബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾക്കും ബാങ്കുകൾക്കും നാളെ അവധിയാണ്. എല്ലാ വിശ്വാസികൾക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ബക്രീദ് ആശംസ നേർന്നു.

******************************

## റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

RNU TVPM

തുടർച്ചയായ മൂന്നാം തവണയും റിപ്പോ നിരക്ക് കുറച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 50 ബേസിസ് പോയിന്റ്കുറച്ചതോടെ നിലവിലെ നിരക്ക് 6 ശതമാനത്തിൽ നിന്ന് 5.5 ശതമാനം ആയി. ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിലുള്ള പണനയ സമിതിയുടെ യോഗത്തിന് ശേഷമാണ് നിരക്കുകൾ പ്രഖ്യാപിച്ചത്. പണപ്പെരുപ്പം കുറയുന്നതോടൊപ്പം വളർച്ചയ്ക്ക് മുൻഗണന നൽകേണ്ട സാഹചര്യവും കണക്കിലെടുത്താണ് റിപ്പോ നിരക്കിൽ കുറവുവരുത്തിയത്. ഇതോടെ വായ്പാ-നിക്ഷേപ പലിശകളിൽ നിരക്ക് കുറവ് പ്രതിഫലിക്കും.

******************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് നേട്ടം. സെൻസെക്സ് 747 പോയിന്റ് ഉയർന്ന് 82,189 ലും നിഫ്റ്റി 252 പോയിന്റ് നേട്ടത്തിൽ 25,003 ലും വ്യാപാരം അവസാനിപ്പിച്ചു.

******************************

## എസ് സി - നീറ്റ്

മെഡിക്കൽ പിജി പ്രവേശന പരീക്ഷയായ നീറ്റ് ഓഗസ്റ്റ് 3 ന് ഒറ്റ ഷിഫ്റ്റായി നടത്താൻ ദേശീയ പരീക്ഷാ ബോർഡിന് അനുമതി നൽകി സുപ്രീം കോടതി . ജൂൺ 15 നാണ് ആദ്യം പരീക്ഷ നിശ്ചയിച്ചിരുന്നത്. പരീക്ഷാ ബോർഡ് രണ്ട് മാസത്തിലധികം സമയം ആവശ്യപ്പെട്ടതിനെ തുടർന്ന് തിയതി മാറ്റി നൽകുകയായിരുന്നു. അതേസമയം, പരീക്ഷ നടത്താൻ ഇനി സമയം നീട്ടി അനുവദിക്കില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

RNU TVPM

******************************

## കണ്ണൂർ - കുരുമുളക് (ഇൻട്രോ)

കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിനെ എല്ലാ വീടുകളിലും എത്തിക്കുന്നതിനായി കണ്ണൂരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പദ്ധതി ആരംഭിക്കുന്നു. ഒരു വീട്ടിൽ ഒരു കുരുമുളക് തൈ എന്ന ഈ പദ്ധതിയിൽ ഹൈബ്രിഡ് കുറ്റികുരുമുളക് തൈകളാണ് വീടുകളിൽ എത്തിക്കുക.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(ഹോൾഡ് - വോയിസ്)

******************************

## വികസിത കൃഷി സങ്കല്പ്

¬¬കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഇന്ന് കോഴിക്കോട് ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിലും ആലപ്പുഴ ഹരിപ്പാട് ബ്ലോക്കിലും വിവിധ പരിപാടികൾ നടന്നു. ചെലവൂരിൽ പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്തു. ഹരിപ്പാട് നടന്ന പരിപാടിയിൽ മഴക്കാലവിളകളുടെ പരിപാലനം, നൂതന കൃഷിരീതികൾ തുടങ്ങിയവയിൽ കർഷകർക്ക് അവബോധം നൽകി.

******************************

## ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ

PIB TVPM

പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രാജ്യത്തുടനീളമുള്ള 8,794 ഗുണഭോക്താക്കൾക്ക് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ 300 കോടി രൂപയുടെ മാർജിൻ മണി സബ്സിഡി വിതരണം ചെയ്തു. 884 കോടി രൂപയുടെ ബാങ്ക് വായ്പ അനുവദിച്ചതിലുള്ള സബ്സിഡിയാണ് വിതരണം ചെയ്തത്. കേരളം, പുതുച്ചേരി, തമിഴ്നാട്, കർണാടക, തെലങ്കാന, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലേക്കായി 80.26 കോടി രൂപയുടെ സബ്സിഡി വിതരണം ചെയ്തു.

******************************

## അക്ഷരോന്നതി പദ്ധതി (ഇൻട്രോ)

പട്ടികവർഗ വിദ്യാർഥികളിൽ വായനാശീലം വളർത്തുന്നതിനുള്ള 'അക്ഷരോന്നതി' പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ലോഗോ പ്രകാശനം ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർവഹിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..

(വോയിസ്)

*

*************

***********************************************

RNU TVPM